LiFE peaceradio CERTIFICATION PROGRAM

# പീസ് റേഡിയോ ലൈഫ്
# ലൈഫ് കോഴ്സ് വർക്ക്

## രോഗം മരണം
## മരണാനന്തര കർമ്മങ്ങൾ

بسم الله الرحمن الرحيم

## രോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും മുസ്‌ലിമിന്റെ രക്ഷാ കവചം

❖ **റസൂൽ (സ്വ) പറഞ്ഞു: ഒരു ദാസൻ എല്ലാ പ്രഭാതത്തിലും പ്രദോഷത്തിലും**

بِسـمِ اللهِ الذي لا يَضُـرُّ مَعَ اسمِـهِ شَيءٌ في الأرْضِ وَلا في السّمـاءِ وَهوَ السّمـيعُ العَلـيم

അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുവനും അറിയുവനുമാണ്. (അബൂ ദാവൂദ്)
എന്ന് മൂന്നു പ്രാവശ്യം പറഞ്ഞാൽ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല.

❖ **ഇഖ്ലാസും മുഅവ്വിദതൈനിയും പാരായണം ചെയ്യുക.**

റസൂൽ (സ്വ) പറഞ്ഞു: 'രാവിലെയും വൈകുന്നേരവും മൂന്ന് പ്രാവശ്യം വീതം ഖുൽ ഹുവല്ലാഹു അഹദ് (ഇഖ്ലാസ്) ഉം മുഅവ്വിദതൈനിയും (ഫലഖ്, നാസ്) ചൊല്ലുന്നത് നിനക്ക് എല്ലാ കാര്യത്തിൽ നിന്നും മതിയാകുന്നതാണ്' (സ്വഹീഹുൽ ജാമിഅ്)

❖ **വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ**

റസൂൽ (സ്വ) പറഞ്ഞു: ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ

بِسْمِ اللهِ تَوَكَّلْـتُ عَلَى اللهِ وَلا حَوْلَ وَلا قُـوَّةَ إِلاّ بِالله

"അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേൽപിക്കുന്നു, അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവും ഇല്ല."
എന്ന് പറഞ്ഞാൽ അവരോട് പറയപ്പെടും 'നിനക്ക് അത് മതിയാകും, നീ സംരക്ഷണത്തിലായവനുമാണ്.' പിശാച് അവനെ തൊട്ട് വഴിമാറി പോകും' (സ്വഹീഹുൽ ജാമിഅ്)

❖ **ഒരു പ്രദേശത്ത് ഇറങ്ങുമ്പോൾ**

ഖൗല ബിൻത് ഹക്കീം (റ) ൽ നിന്നും, നബി (സ്വ) പറഞ്ഞു: ആരെങ്കിലും ഒരു സ്ഥലത്ത് ഇറങ്ങിയിട്ട്

أَعـوذُ بِكَلِـماتِ اللّهِ التّـامّاتِ مِنْ شَـرِّ ما خَلَـق

'അല്ലാഹുവിന്റെ സമ്പൂർണ്ണമായ കലിമത്തുകൾ കൊണ്ട് അവന്റെ സൃഷ്ടികളുടെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ അഭയം തേടുന്നു'.

എന്ന് പറഞ്ഞാൽ അവൻ ആ സ്ഥലത്ത് നിന്നും പോകുന്നതുവരെ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല' (മുസ്‌ലിം)

### ❖ പരീക്ഷിക്കപ്പെട്ടവനെ കണ്ടാൽ.

റസൂൽ(സ്വ) പറഞ്ഞു: ആരെങ്കിലും പരീക്ഷിക്കപ്പെട്ടവനെ കണ്ടാൽ ഇങ്ങനെ പറയട്ടെ:

الْحَمْدُ للهِ الَّذي عَافَانِي مِمَّا ابْتَلاكَ بِهِ، وَفَضَّلَنِي عَلَى كَثيرٍ مِمَّنْ خَلَقَ تَفْضِيلاً

നിന്നെ ബാധിച്ച പരീക്ഷണത്തിൽ നിന്ന് എനിക്ക് സൗഖ്യം നൽകുകയും സൃഷ്ടികളിൽ അനേകം ആളുകളേക്കാൾ എന്നെ ഉൽകൃഷ്ടനാക്കുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും). എന്നാൽ അവനെ ആ പരീക്ഷണം ബാധിക്കില്ല. (സ്വഹീഹുൽ ജാമിഅ്)

### ❖ രോഗം കൊണ്ട് പരീക്ഷിക്കപ്പെട്ടാൽ

അനസ്ബ്നു മാലിക് (റ) വിൽ നിന്നും, നബി(സ്വ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു:

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ، وَالْجُذَامِ، وَمِنْ سَيِّئِ الأَسْقَامِ

അല്ലാഹുവേ വെള്ളപ്പാണ്ട്, കുഷ്ഠം, ഭ്രാന്ത് മറ്റ് മോശമായ രോഗങ്ങൾ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു. (സ്വഹീഹുൽ ജാമിഅ്)

### ❖ നബി (സ്വ) യുടെ ഒരു പ്രാർത്ഥന

അബ്ദുല്ലാഹ് ഇബ്നു ഉമർ (റ) വിൽ നിന്നും, അദ്ദേഹം പറഞ്ഞു: റസൂൽ (സ്വ) യുടെ പ്രാർത്ഥനകളിൽ പെട്ടതാണ്.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ

അല്ലാഹുവേ നീ തന്നിട്ടുള്ള അനുഗ്രഹങ്ങൾ നീങ്ങി പോകുന്നതിൽ നിന്നും നീ തന്നിട്ടുള്ള സൗഖ്യം അകന്നു പോകുന്നതിൽ നിന്നും ആകസ്മികമായി സംഭവിക്കുന്ന നിന്റെ ശിക്ഷയിൽ നിന്നും നിന്റെ എല്ലാ കോപത്തിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു) എന്നത്. (മുസ്‌ലിം)

### ❖ ഇഹപര സൌഖ്യത്തിന് വേണ്ടി

അബൂ ഹുറയ്റ (റ)വിൽ നിന്നും, നബി(സ്വ) പറഞ്ഞു: ഒരു ദാസൻ പ്രാർത്ഥിക്കുന്നതിൽ

اللَّهُمَّ إِنِّي أَسْأَلُكَ الْمُعَافَاةَ فِي الدُّنْيَا وَالآخِرَةِ

അല്ലാഹുവേ ഇഹ-പര സൗഖ്യം ഞാൻ നിന്നോട് തേടുന്ന എന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പ്രാർത്ഥനയും ഇല്ല (സ്വഹീഹുൽ ജാമിഅ്)

### ❖ യൂനുസ് നബി (അ) യുടെ പ്രാർത്ഥന

റസൂൽ(സ്വ) പറഞ്ഞു: മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് കൊണ്ട് ദുന്നൂൻന്റെ (യൂനു സ് നബി) പ്രാർത്ഥനയായിരുന്നു

لَا إِلَهَ إِلَّا أَنْـتَ سُـبْحانَكَ إِنِّي كُنْـتُ مِنَ الظّـالِمِيـن

(നീയല്ലാതെ ആരാധനക്കർഹൻ ഇല്ല, നീ പരിശുദ്ധനാണ്, ഞാൻ അക്രമികളിൽ പെട്ടു പോയിരിക്കുന്നു) എന്നത്. ഒരു മുസ്‌ലിം ഇത് കൊണ്ട് പ്രാർത്ഥിച്ചാൽ അവന് അല്ലാഹു ഉത്തരം നൽകാതിരിക്കില്ല (സ്വഹീഹുൽ തർഗീബ്)

ഇബ്നുൽ ഖയ്യിം(റ) പറഞ്ഞു: തൗഹീദ് പോലുള്ളത് കൊണ്ടല്ലാതെ ഇഹലോക ത്തിൽ ഉള്ള ബുദ്ധിമുട്ടുകൾ തടയപ്പെട്ടിട്ടില്ല. അത് കൊണ്ടാണ് പ്രയാസ ഘട്ടത്തി ലുള്ള പ്രാർത്ഥന തൗഹീദ് കൊണ്ടായത്. ദുന്നൂനിന്റെ പ്രാർത്ഥന ആരെങ്കിലും പ്രാർത്ഥിച്ചിട്ടുണ്ടെങ്കിൽ അവന്റെ പ്രയാസം അല്ലാഹു തൗഹീദ് കൊണ്ട് നീക്കിയി ട്ടുണ്ട് (അൽ ഫവാഇദ് )

### ❖ പ്രയാസങ്ങളിൽ നിന്നും കാവൽ തേടാൻ

റസൂൽ(സ്വ) പറഞ്ഞു:

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ، وَسُوءِ الْقَضَاءِ، وَدَرَكِ الشَّقَاءِ، وَشَمَاتَةِ الْأَعْدَاءِ

"പരീക്ഷണത്തിന്റെ ക്ലേശത്തിൽ നിന്നും ദുർബലത പ്രാപിക്കുന്നതിൽ നിന്നും വിധി വൈപരീത്യങ്ങളിൽ നിന്നും ശത്രുക്കളുടെ പരിഹാസങ്ങളിൽ നിന്നും നിങ്ങൾ അല്ലാഹുവിനോട് അഭയം തേടുക". (ബുഖാരി)

### ❖ പ്രഭാതത്തിലെ ഒരു പ്രാർത്ഥന

അബ്ദുർറഹ്മാൻ ഇബ്നു അബീ ബക്റ (റ) തന്റെ പിതാവിനോട് പറഞ്ഞു: എന്റെ പിതാ വേ താങ്കൾ എല്ലാ പ്രഭാതത്തിലും ഇപ്രകാരം

اللّهُـمَّ عافِـني في بَدَنـي، اللّهُـمَّ عافِـني في سَمْـعي، اللّهُـمَّ عافِـني في بَصَـري، لا إلهَ إلاّ اللهُ أَنْـتَ. اللّهُـمَّ إِنّـي أَعـوذُبِكَ مِنَ الْكُـفر، وَالفَـقْر، وَأَعـوذُ بِكَ مِنْ عَذابِ القَـبْر، لا إلهَ إلاّ أَنْـتَ

അല്ലാഹുവേ എന്റെ ശരീരത്തിന് സൗഖ്യം നൽകേണമേ, അല്ലാഹുവേ എന്റെ കേൾവിക്ക് നീ സൗഖ്യം നൽകേണമേ, അല്ലാഹുവേ എന്റെ കാഴ്ചക്ക് നീ സൗഖ്യം നൽകേണമേ, നീയല്ലാതെ ആരാധ്യനില്ല. അല്ലാഹുവേ അവിശ്വാസത്തിൽ നിന്നും

ദാരിദ്ര്യത്തിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. അല്ലാഹുവേ ഖബറിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു, നീയല്ലാതെ ആരാധ്യനില്ല.
താങ്കളത് പ്രഭാതത്തിലും പ്രദോഷത്തിലും മൂന്നു പ്രാവശ്യം ആവർത്തിച്ചു കൊണ്ട് പ്രാർത്ഥിക്കുന്നു? അപ്പോൾ അദ്ദേഹം പറഞ്ഞു: റസൂൽ(സ്വ) അത് കൊണ്ട് പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്, അവിടുത്തെ ചര്യ ചര്യയാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. (സ്വഹീഹ് അബീ ദാവൂദ്)

### ❖ പ്രഭാതത്തിലും പ്രദോഷത്തിലും

അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) പറഞ്ഞു: പ്രഭാതത്തിലും പ്രദോഷത്തിലും നബി (സ്വ) ഈ പ്രാർത്ഥനകൾ പ്രാർത്ഥിക്കാറുണ്ടായിരുന്നു.

اللّهُـمَّ إِنِّـي أسْـأَلُـكَ العَـفْوَ وَالعـافِـيةَ في الدُّنْـيا وَالآخِـرَة، اللّهُـمَّ إِنِّـي أسْـأَلُـكَ العَـفْوَ وَالعـافِـيةَ في ديني وَدُنْـيايَ وَأهْـلي وَمالـي، اللّهُـمَّ اسْتُـرْ عـوْراتي وَآمِـنْ رَوْعاتـي، اللّهُـمَّ احْفَظْـني مِن بَـينِ يَدَيَّ وَمِن خَلْفـي وَعَن يَمـيني وَعَن شِمـالي، وَمِن فَوْقـي، وَأَعـوذُ بِعَظَمَـتِكَ أَن أُغْـتالَ مِن تَحْتـي

അല്ലാഹുവേ ഇഹത്തിലും പരത്തിലും സൗഖ്യം നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ മതകാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധനത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ രഹ സ്യങ്ങൾ നീ മറച്ചു വെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ. അല്ലാഹുവേ എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലത് ഭാഗത്തിലൂടെയും ഇടത് ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ, താഴ്ഭാഗത്ത് കൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു. (സ്വഹീഹു കലിമത്തു ത്വയ്യിബ്)

### ❖ സുബ്ഹി നമസ്കരിച്ചവൻ അല്ലാഹുവിന്റെ സംരക്ഷണത്തിൽ

جندب بن عبد الله رضي الله عنه ، قال : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ :مَنْ صَلَّى الصُّبْحَ فَهُوَ فِي ذِمَّةِ اللهِ

റസൂൽ (സ്വ) പറഞ്ഞു: ആരെങ്കിലും സുബഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിൽ ആയിരിക്കും (മുസ്‌ലിം)

### ❖ സൂറത്തുൽ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ

റസൂൽ(സ്വ) പറഞ്ഞു: ആരെങ്കിലും രാത്രിയിൽ സൂറത്തുൽ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്താൽ അവ രണ്ടും അവന് മതിയാകുന്നതാണ് (ബുഖാരി, മുസ്‌ലിം)

നവവി(റ) പറയുന്നു: ഇവിടെ മതിയാകുന്നതാണ് എന്നത് കൊണ്ടുള്ള ഉദ്ദേശം രാത്രി നമസ്കാരത്തിൽ നിന്ന് മതിയാകുന്നതാണ്, പിശാചിൽ നിന്ന് മതിയാകുന്നതാണ്, അപകടങ്ങളിൽ നിന്ന് മതിയാകുന്നതാണ് എന്നെല്ലാം പറയപ്പെടുന്നു. ഇവയെല്ലാം അത് ഉൾകൊള്ളുന്നു എന്നും പറയപ്പെടുന്നു.

## ❖ ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യുക

അബൂ ഹുറയ്റ(റ) വിൽ നിന്നും, പിശാച് അദ്ദേഹത്തോട് പറഞ്ഞു: നീ നിന്റെ വിരിപ്പിലേക്ക് ചെന്നാൽ ആയത്തുൽ കുർസി ആദ്യം മുതൽ അവസാനം വരെ പാരായണം ചെയ്യുക,

اللَّهُ لَا إِلَٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ ۚ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ ۚ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلَّا بِمَا شَاءَ ۚ وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالْأَرْضَ ۖ وَلَا يَئُودُهُ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيمُ

അവൻ എന്നോട് ഇപ്രകാരവും പറഞ്ഞു: താങ്കൾ അപ്രകാരം ചെയ്താൽ അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ താങ്കൾക്ക് ഉണ്ടായിക്കൊണ്ടേയിരിക്കും, പിശാച് പ്രഭാതം വരെ നിന്നെ സമീപിക്കുകയുമില്ല. അവർ (സ്വഹാബത്ത്) നന്മയുടെ വിഷയത്തിൽ അതീവ താൽപരരായിരുന്നു. (ഇത് അറിഞ്ഞപ്പോൾ) നബി (സ്വ) പറഞ്ഞു: അവൻ താങ്കളോട് പറഞ്ഞത് സത്യമാണ്, അവൻ പെരുംകള്ളൻ ആണെങ്കിലും (സ്വഹീഹുൽ തർഗീബ്)

## ❖ പരീക്ഷണങ്ങളിൽ പ്രാർത്ഥന ഉപകരിക്കും

റസൂൽ(സ്വ) പറഞ്ഞു: ഇറങ്ങിയ (പരീക്ഷണ) തിലും ഇറങ്ങാനിരിക്കുന്ന (പരീക്ഷണ) തിലും പ്രാർത്ഥന ഉപകാരപ്പെടും. പരീക്ഷണം ഇറങ്ങുമ്പോൾ അത് പ്രാർത്ഥനയെ കണ്ടുമുട്ടും, അങ്ങനെ അന്ത്യനാൾവരെ അവ രണ്ടും പരസ്പരം പ്രതി രോധിക്കും (സ്വഹീഹുൽ ജാമിഅ്)

## ❖ രാത്രി നമസ്കാരം

റസൂൽ(സ്വ) പറഞ്ഞു: രാത്രി നമസ്കാരം നിങ്ങളുടെ മേൽ ബാധ്യതയാണ്. അത് നിങ്ങൾക്ക് മുമ്പുള്ള സജ്ജനങ്ങളുടെ ചര്യയും, അല്ലാഹുവിന്റെ സാമീപ്യ മാർഗ്ഗവും, പാപങ്ങളെ തടയുന്നതും, തിന്മകൾക്കുള്ള പ്രായശ്ചിത്തവും, ശരീരത്തിലേക്ക് വരുന്ന രോഗങ്ങളെ ആട്ടി അകറ്റുന്നതും ആകുന്നു. (സ്വഹീഹുൽ ജാമിഅ്)

❖ **പാത്രങ്ങൾ മൂടി വെക്കുക**

റസൂൽ(സ്വ) പറഞ്ഞു: നിങ്ങൾ ഭക്ഷണ പാത്രങ്ങളും പാനപാത്രങ്ങളും മൂടിവെ ക്കുക. കാരണം വർഷത്തിൽ ഒരു രാത്രി ഉണ്ട്. ആ രാത്രിയിൽ പകർച്ചവ്യാധി ഇറങ്ങും, അപ്പോൾ അടച്ച് വെക്കാതെ ഭക്ഷണ പാത്രത്തിലും പാനപാത്രത്തിലും ആ പകർച്ച വ്യാധി ഇറങ്ങാതിരിക്കുകയില്ല. (മുസ്‌ലിം)

❖ **പകർച്ച വ്യാധിയുള്ള നാട്ടിലേക്ക് പോവരുത്.**

അബ്ദുറഹ്മാൻ ഇബ്‌നു ഔഫ് (റ) വിൽ നിന്നും, ഉമർ ഇബ്‌നു ഖത്താബ്(റ) ശാമി ലേക്ക് പുറപ്പെട്ടു. അങ്ങനെ സർഹിൽ എത്തിയപ്പോൾ ശാമിൽ പകർച്ചവ്യാധി പിടി പെട്ട കാര്യം അദ്ദേഹം അറിഞ്ഞു, അപ്പോൾ അബ്ദുറഹ്മാൻ ഇബ്‌നു ഔഫ്(റ) അദ്ദേഹത്തോട് പറഞ്ഞു, നബി(സ്വ) പറഞ്ഞിരിക്കുന്നു: ഒരു നാട്ടിൽ നിങ്ങൾ അതി നെ (പകർച്ചവ്യാധിയെ) കുറിച്ച് കേട്ടാൽ നിങ്ങൾ അങ്ങോട്ട് പോകരുത്. ഇനി നിങ്ങൾ ഉള്ള നാട്ടിൽ ആണ് അത് സംഭവിച്ചത് എങ്കിൽ നിങ്ങൾ അവിടെ നിന്നും ഓടിപ്പോവുകയും അരുത്. അങ്ങനെ ഉമർ(റ) സർഹിൽ നിന്ന് മടങ്ങി. (ബുഖാരി)